**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6383** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജലസംഭരണികളിലെ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം ജലസംഭരണികളിലാണ് മത്സ്യകൃഷി നടത്തി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പമെന്റ് പദ്ധതിയ്ക്ക് 2023-24 വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മണിയാർ, പമ്പ, പൊന്മുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്കൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയർ (ലോവർ) എന്നീ 12 റിസർവോയറുകളിലായി, 4514.10ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഏതെല്ലാം വിഭാഗത്തിലുള്ള മത്സ്യങ്ങളാണ് കൃഷി ചെയ്യാൻ ഉപയോഗിക്കുന്നത്; | (ബി) | പ്രാദേശികവും, ജലാശയത്തിന്റെ രാസഭൗതിക സാഹചര്യത്തിന്റെയും അടിസ്ഥാനത്തിലാണ് മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്. പ്രധാനമായും ഇൻഡ്യൻ മേജർകാർപ്പുകൾ, കരിമീൻ, പൂമീൻ, തിരുത, കറുപ്പ്, ആറ്റ്കൊഞ്ച്, ചെമ്മീൻ, വരാൽ എന്നീ വിഭാഗത്തിലുള്ള മത്സ്യങ്ങളാണ് കൃഷി ചെയ്യാൻ ഉപയോഗിക്കുന്നത്. |
| (സി) | ഇങ്ങനെ ലഭിക്കുന്ന മത്സ്യങ്ങൾ പൊതു വിപണികളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; | (സി) | കൃഷി ചെയ്ത മത്സ്യം വിൽക്കുന്നതിന് മതിയായ സൗകര്യം ലഭിക്കാത്തതുമൂലം ചെറുകിട മത്സ്യകർഷകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി ജനകീയ മത്സ്യകൃഷി-സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി വഴി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റ് ഔട്ട് ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം അഡാക്ക് മുഖേന റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തുകയും ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ ലൈവ് ഫിഷ് മാർക്കറ്റിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന താരതമ്യേന വിപണിയിൽ ആവശ്യക്കാരുള്ള തിലാപ്പിയ (ഗിഫ്റ്റ്), കരിമീൻ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളെ മത്സ്യഫെഡ് നേരിട്ട് നടത്തുന്നതും ഫ്രാഞ്ചൈസി വ്യവസ്ഥയിലുള്ളതുമായ ഫിഷ് മാർട്ടുകളുടെ ആവശ്യാനുസരണം ബേസ് സ്റ്റേഷനുകളിൽ സംഭരിച്ച് വിപണനം ചെയ്യുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇതിൽ നിന്നും 2021-2022, 2022-2023 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | 2021-22, 2022-23 സാമ്പത്തിക വർഷത്തിൽ അഡാക്ക് മുഖേന കേജ് ഫാമിങ്ങിലൂടെ വിവിധ ജലസംഭരണികളിൽ ഉൽപ്പാദിപ്പിച്ച മത്സ്യങ്ങൾക്ക് താഴെപറയും പ്രകാരം തുക ലഭിച്ചിട്ടുണ്ട്. |

| ക്രമ നം. | റിസർവോയറിന്റെ പേര് | 2021-22 വർഷത്തിൽ ലഭിച്ച തുക (ലക്ഷത്തിൽ) | 2022-23 വർഷത്തിൽ ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ബാണാസുര സാഗർ | 42.49 | 31.78 |
| 2 | കാരാപ്പുഴ | 4.893 | 19.31 |
| 3 | പെരുവണ്ണാമൂഴി | 10.332 | 23.10 |
| 4 | കക്കി | 0.00 | 30.00 |
| | ആകെ | 57.715 | 104.19 |

സെക്ഷൻ ഓഫീസർ